# വെടിക്കെട്ട്: നിബന്ധന ലംഘിച്ചാൽ പരാതി നൽകാം

● കതിനയ്ക്കു തീ കൊളുത്തും മുൻപു സുരക്ഷ ഉറപ്പാക്കണം

പാലക്കാട് ● വെടിക്കെട്ട് നടത്താൻ അനുമതി ലഭിച്ചവർ 2008-ലെ എക്സ്പ്ലോസീവ് ആക്ട് പ്രകാരം പ്രദർശന സ്ഥലത്ത് പാലിക്കേണ്ട നിബന്ധനകൾ ലംഘിച്ചാൽ അതു സംബന്ധിച്ചു പൊതുജനങ്ങൾക്കു ജില്ലാ കലക്ടറെയൊ, അടുത്തുള്ള പൊലീസ് സ്റ്റേഷനിലൊ വിവരം അറിയിക്കാം.

ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസും സംയുക്തമായി സംഘടിപ്പിച്ച സ്ഫോടകവസ്തു നിയമങ്ങളെ കുറിച്ചുള്ള ശിൽപശാലയാണ് ഇക്കാര്യം വ്യക്തമാക്കിയത്.




ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസും സംയുക്തമായി നടത്തിയ സ്ഫോടകവസ്തു നിയമങ്ങളെക്കുറിച്ചുള്ള ശിൽപശാല ജില്ല സെഷൻസ് ജഡ്ജി ടി.വി.അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

## പ്രധാന നിബന്ധനകൾ:

● പ്രദർശന സ്ഥലത്തു നിന്നു 100 മീറ്റർ അകലെയായി കാണികൾക്കു സ്ഥാനം ഒരുക്കണം. ആശുപത്രികൾ, നഴ്സിങ് ഹോമുകൾ, സ്കൂളുകൾ തുടങ്ങിയവയുടെ 250 മീറ്റർ ചുറ്റളവിൽ വെടിക്കെട്ട് നടത്തരുത്.

● വെടിക്കെട്ട് നടക്കുന്ന പ്രദേശത്തിന്റെ 15 മീറ്റർ പരിധിക്കുള്ളിൽ ഇലക്ട്രിക് വയറുകൾ പാടില്ല.

● പ്രദേശത്തെ ഇലക്ട്രിക് ലൈനുകൾ പ്രകടന സമയത്ത് ഓഫാക്കണം.

● അപകടങ്ങൾ തടുക്കാനുള്ള ഉപകരണങ്ങളും പ്രാഥമിക ശുശ്രൂഷ സാമഗ്രികളും വെടിക്കെട്ട് നടത്തേണ്ടവർ കരുതണം.

● കതിന പോലുള്ള സ്ഫോടനവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തിനു 45 മീറ്റർ അകലെ മാറിയെ പൊട്ടിക്കാൻ പാടുള്ളൂ.

● അമ്പലത്തിനടുത്തോ തെരുവുകളിലൊ നിശ്ചിത അകലം പാലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാക്കാലും പ്രാദേശിക ഭാഷയിലുള്ള സൂചന ബോർഡുകളിലും ഈ വിവരം അറിയിക്കണം.

● കതിനയ്ക്കു തീ കൊളുത്തും മുൻപു ജനങ്ങൾ സുരക്ഷിത സ്ഥാനത്താണെന്ന് ഉറപ്പു വരുത്തണം.



സ്ഫോടകവസ്തു നിയമങ്ങളെക്കുറിച്ചുള്ള ശിൽപശാല ജില്ലാ സെഷൻസ് ജഡ്ജി ടി.വി. അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

# സ്ഫോടകവസ്തു: കർശന പരിശോധന ആവശ്യമെന്ന് ജില്ലാ സെഷൻസ് ജഡ്ജി

**പാലക്കാട്:** വെടിക്കെട്ടപകടങ്ങൾ പൂർണമായും ഒഴിവാക്കാൻ സ്ഫോടകവസ്തു നിയമപ്രകാരമുള്ള പരിശോധനകൾ കർശനമാക്കണമെന്ന് ജില്ലാ സെഷൻസ് ജഡ്ജി ടി.വി. അനിൽകുമാർ. അത്തരം പരിശോധനകൾക്ക് ഉദ്യോഗസ്ഥർ അനുമതി തേടേണ്ടതില്ല. വെടിക്കെട്ട് പ്രകടനങ്ങൾക്ക് അനുമതി നേടുന്ന ലൈസൻസികളോ കരാറുകാരോ ആണ് അപകടങ്ങളെത്തുടർന്നുള്ള നഷ്ടപരിഹാരം നൽകേണ്ടതെന്ന് സിവിൽ നിയമം വ്യക്തമാക്കുന്നതായും അദ്ദേഹം പറഞ്ഞു.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സ്ഫോടകവസ്തു നിയമങ്ങളെക്കുറിച്ചുള്ള ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസും സംയുക്തമായാണ് ശിൽപശാല സംഘടിപ്പിച്ചത്.

ഓരോ വെടിക്കെട്ടപകടവും വൻതോതിൽ സാമൂഹ്യവും സാമ്പത്തികവുമായ ബാധ്യതയാണുണ്ടാക്കുന്നത്. ഭരണകർത്താക്കൾ വെടിക്കെട്ടപകടങ്ങൾ റോഡപകടങ്ങളെയെന്നപോലെ പ്രതിരോധിക്കണം. വെടിക്കെട്ടുകൾ മതാചാരമാണെന്നതിൽ വ്യക്തതയില്ലാത്ത സാഹചര്യത്തിൽ, അതിൻെറ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. അവയ്ക്കായി ചെലവഴിക്കുന്ന തുക സേവനപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാൽ നല്ലതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കലക്ടർ പി. മേരിക്കുട്ടി അധ്യക്ഷയായി. സംസ്ഥാന ഫോറൻസിക് ലാബ് മുൻ അസിസ്റ്റൻറ് ഡയറക്ടർ അന്നമ്മ ജോൺ, അഡ്വ. വി. വിജയ തുടങ്ങിയവർ മുഖ്യപ്രഭാഷണം നടത്തി.

സബ്ജഡ്ജിയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ രാജീവ് ജയരാജ്, അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടറും വിശ്വാസ് സെക്രട്ടറിയുമായ പി. പ്രേംനാഥ്, വിശ്വാസ് വൈസ് പ്രസിഡൻറുമാരായ അഡ്വ. ശാന്താദേവി, വി.പി. കുര്യാക്കോസ്, മാനേജ്മെൻറ് കമ്മിറ്റി അംഗം ഡോ. ജോസ് പോൾ തുടങ്ങിയവർ സംബന്ധിച്ചു.

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, പാലക്കാട്

&

VICTIMS INFORMATION, SENSITISATION,
WELFARE & ASSISTANCE SOCIETY

# "വിശ്വാസ്"

## സ്ഫോടക വസ്തു നിയമങ്ങളെകുറിച്ച് ശില്പശാല

2016 ആഗസ്റ്റ് 6 ന് (ശനിയാഴ്ച) രാവിലെ 9.30 ന്

പാലക്കാട് ജില്ലാ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ

ഉദ്ഘാടനം : ശ്രീ.ടി.വി.അനിൽകുമാർ
ബഹു: ജില്ലാ സെഷൻസ് ജഡ്ജ്

അദ്ധ്യക്ഷ : ശ്രീമതി.പി.മേരികുട്ടി ഐ.എ.എസ്.
ജില്ലാ കലക്ടർ.

മുഖ്യപ്രഭാഷണം : ഡോ.എ.ശ്രീനിവാസ് ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി

## അറിയിപ്പുകൾ

# സ്ഫോടകവസ്തു നിയമം: ശിൽപശാല ആറിന്

പാലക്കാട് ● സ്ഫോടക വസ്തു നിയമങ്ങൾ സംബന്ധിച്ചും സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും ജില്ല ലീഗൽ സർവീസ് അതോറിറ്റിയുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസിന്റെയും ആഭിമുഖ്യത്തിൽ ശിൽപശാല നടത്തുന്നു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ആറിനു രാവിലെ 9.30നു പരിപാടി ആരംഭിക്കും.